## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4384 — 04/02/2014 ൽ മറുപടിക്ക്

## പാഠ്യേതര വിഷയങ്ങൾക്ക് സ്പെഷ്യൽ അധ്യാപകർ

### ചോദ്യം

**ശ്രീ. റ്റി.യു. കുരുവിള**

സ്കൂൾ വിദ്യാർത്ഥികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയിൽ വലിയ പങ്ക് വഹിക്കുന്ന പാഠ്യേതര വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഹൈസ്കൂൾ - ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്പെഷ്യൽ അധ്യാപകരെ സ്ഥിരമായി നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം വ്യക്തമാക്കുമോ?

### മറുപടി

**ശ്രീ. പി.കെ. അബ്ദു റബ്ബ്**
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

01/10/2011 ലെ ജി.ഒ.(പി) നം. 199/2011/പൊ.വി. ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ എണ്ണം നോക്കാതെ എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പുവരുത്തണമെന്ന് ഉത്തരവായിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ പൂളിംഗും പുനർവിന്യാസവും വഴി എല്ലാ സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. സ്പെഷ്യൽ അധ്യാപകരെ സ്ഥിരമായി നിയമിക്കുന്നതിന് തസ്തിക സൃഷ്ടിക്കുന്നതിന് ഉള്ള പ്രൊപ്പോസൽ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ